# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1017 **08.01.2014-ൽ മറുപടിയ്ക്ക്**

### ചേലക്കര മോഡൽ റസിഡൻഷ്യൽ സ്കൂൾ കെട്ടിടനിർമ്മാണം

**ചോദ്യം** **ഉത്തരം**

ശ്രീ. കെ. രാധാകൃഷ്ണൻ

**ശ്രീ. എ.പി. അനിൽകുമാർ**
**(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | ചേലക്കര മണ്ഡലത്തിൽ ചേലക്കര മോഡൽ റസിഡൻഷ്യൽ സ്കൂൾ കെട്ടിട നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | ചേലക്കര മണ്ഡലത്തിൽ ചേലക്കര മോഡൽ റസിഡൻഷ്യൽ സ്കൂൾ കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടില്ല. |
| (ബി) | കെട്ടിടം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് മുൻ സർക്കാർ അനുവദിച്ച തുക എത്രയാണെന്നും പ്രസ്തുത സൗകര്യങ്ങൾ ലഭ്യമാക്കുവാനുള്ള കാലതാമസത്തിനുള്ള കാരണങ്ങളും വെളിപ്പെടുത്താമോ ; | (ബി) | സർക്കാർ ഉത്തരവ് (എം.എസ്) നം.11/11/പജപവവിവ തീയതി 21.01.2011 പ്രകാരം എം.ആർ.എസിന്റെ നിർമ്മാണത്തിനായി 11.87 കോടി രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഭൂമി ലഭ്യമാകാത്തതാണ് കാലതാമസത്തിനുള്ള കാരണം. |
| (സി) | പ്രസ്തുത കെട്ടിട നിർമ്മാണത്തിനാവശ്യമായ ഭൂമി ലഭ്യമാക്കുന്നതിനും അതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; | (സി) & (ഡി) | ചേലക്കര എം.ആർ.എസ് കെട്ടിട നിർമ്മാണത്തിനായി നിർദ്ദേശിച്ചിരിക്കുന്ന സ്ഥലം കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പിനോട് ആവശ്യപ്പെട്ടിരിക്കുകയാണ്. തദ്ദേശ സ്വയംഭരണ വകുപ്പ് അത് സംബന്ധിച്ച വിജ്ഞാപനം പുറപ്പെടുവിക്കുന്ന മുറക്ക് നിർമ്മാണം ആരംഭിക്കുന്നതിനുള്ള മേൽനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | ഈ വർഷം തന്നെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കൈവശമുള്ള ഭൂമി ലഭ്യമാക്കി കെട്ടിട നിർമ്മാണം ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ? | | |

Sd/- K.J

**സെക്ഷൻ ആഫീസർ**